
# E-മഷി

2023-24



## ഒരു AI സഞ്ചാരിയുടെ ഡയറി കുറിപ്പ്

ആദർശ് ആനി ജോർജ്

## വൃദ്ധസദനങ്ങളുടെ സ്വന്തം നാടെന്ന പേരിലേക്ക്

അബ്നർ അനിൽ

*BY*

Little Kites

St Mary's HSS Kizakkekara

# ഉള്ളടക്കം


11 ഒരു AI സഞ്ചാരിയുടെ ഡയറിക്കുറിപ്പ്.

41 മരങ്ങൾ

16 വൃദ്ധാസദനങ്ങളുടെ സ്വന്തം നാടെന്ന പേരിലേക്ക്

26 സാധ്യതകളുടെ ലോകത്തേക്ക്

21 Book Review

40 Current affairs






















Chief Editors: Adharsh, Abner, Ardra, Aroon

Editorial Board:
Little Kites 2022-2025 Batch



St Mary's HSS Kizhakkekara, Kottarakara

# എഡിറ്റോറിയൽ




2023 24 വർഷത്തിൽ Little  Kites കൂട്ടായ്മ E- മഷി എന്ന പേരിൽ E- Magazine ചിത്രീകരിക്കുകയാണ് കുട്ടികളുടെ കലാസൃഷ്ടിയും ക്രിയാത്മകതയും കുട്ടിക്കലർത്തിയ മനോഹരമായ ഒരു കലാസൃഷ്ടി. കുട്ടികളുടെ ഉള്ളിലെ സാധ്യതകളിലേക്ക് ഉള്ള ഒരു ചെറു കവാടം.നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ യഥാർത്ഥ ക്രിയാത്മകതയുടെ പ്രതിബിംബമാണ് E- മഷി. അധ്യാപകരുടെ സഹായത്തോടെതയ്യാറാക്കിയ ഈ സൃഷ്ടി ഒരു പുതിയ ഡിജിറ്റൽ ലോകത്തിലേക്ക് വളരുവാൻ കുട്ടികൾക്ക് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

-എഡിറ്റോറിയൽ ബോർഡ്

The digital annual manuscript going to be released by the students of little kites contains a variety of literacy works. Each works has a message to give the society. This message in the message of the author which gods has entrusted to him so that he may share with the other one



This message may help the reader to led a better life choosing a better career a developing  certain qualities in their life. I let know my thanks and gratitude to all those who worked behind for the completion of the work

-Fr Roy G (Principal)

കിഴക്കേക്കര സെന്റ് മേരീസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഇക്കാലത്തെ സാങ്കേതിക വിദ്യകളും ക്രിയാത്മകതയും പ്രയോജനപ്പെടുത്തി E-മഷി എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ലോകമെമ്പാടും മാറ്റങ്ങളുടെ മാറ്റൊലി മുഴങ്ങുകയാണ്. അതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒരു ശാസ്ത്രശാഖയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. അതിനെക്കുറിച്ച് പുതുതലമുറയ്ക്ക് കൂടുതൽ അറിയാൻ ഈ മാഗസീനിലൂടെ സാധിക്കുന്നു.കുട്ടികളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ ഉണർത്താനും പുതുമയുടെ ലോകത്ത് മാറ്റങ്ങളുടെ മായാജാലം സൃഷ്ടിക്കാനും E-മാഗസീനിന് സാധിക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.




– Roy George (ഹെഡ്മാസ്റ്റർ)

# പുലിയമ്മയും കുറുനരിയും

പുരോഗമനാശയങ്ങൾ ഉള്ള മിടുക്കനും നല്ലവനുമായ ഒരു മൃഗമാണ് ടട്ടുവ കുറുക്കനെന്നാണ് എല്ലാവരുടെയും വിശ്വാസം. താൻ ആ വിധത്തിലുള്ളതാണ് എന്നു വരുത്തിതീർക്കാൻ അയാൾ ഏറെ ശ്രദ്ധിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ ആർക്കും മനസ്സിലാവാത്ത ഭാഷകളൊക്കെ സംസാരിക്കും.

വലിയ വലിയ ആൾക്കാരുടെ ഭാഷയാണതൊക്കെ എന്ന് പറയുകയും ചെയ്യും. ഏതായാലും ട്ടുവ കുറച്ചുനാൾ സ്വന്തം കാട്ടിൽഇല്ലാതിരുന്നതിനാൽ അതൊക്കെ സത്യമാണെന്ന് എല്ലാവരും വിശ്വസിച്ചു. അതുകൊണ്ടാണ് പല കാര്യങ്ങളിലും ഒരു ജഡ്ജിയുടെ സ്ഥാനം ട്ടുവയ്ക്ക് നല്കിയിരുന്നത്.

അതിമനോഹരമായി സംസാരിക്കുന്നതിനുള്ള കഴിവും സവിശേഷമായ ശൈലിയും മറ്റും അയാളെ മറ്റുള്ളവർക്ക് ബഹുമാന്യനാക്കി. തന്റെ എല്ലാ ദുഷ്ടതകളും പക്ഷേ ഭംഗിയായി മറച്ചുപിടിക്കാൻ അയാൾക്കു കഴിഞ്ഞു.ട്ടുവ കുറുനരിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നല്ല അഭിപ്രായം



പുലിയമ്മ പലതവണ കേട്ടിരുന്നു. തന്റെ കുഞ്ഞുങ്ങൾക്ക് വളരെ നല്ല വിദ്യാഭ്യാസം ലഭിക്കണമെന്ന ആഗ്രഹമാണ് പുലിയമ്മയെ ടട്ടുവയുടെ അടുക്കലെത്തിച്ചത്.

അധ്യാപനം തന്റെ ജോലിയല്ല എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞു മാറുന്നതുപോലെ കാണിച്ചെങ്കിലും കാട്ടിലെ പ്രമാണിമാരിൽ ഒരുവളായ പുലിയമ്മ അപേക്ഷിക്കുമ്പോൾ തനിക്കതു തള്ളിക്കളയാ നാവില്ലെന്ന് വിനയത്തോടെ കുറുനരി ഒടുവിൽ പറഞ്ഞു."ശരിയാണ്, പലരും പഠിപ്പിക്കുന്നവരുണ്ട്. പക്ഷേ ഏറ്റവും നല്ല വിദ്യാഭ്യാസം എന്റെ കുട്ടികൾക്കു കിട്ടണം... അതാണ്..."

"ശരി ശരി, ഞാനതേറ്റു. പക്ഷെ ചില വ്യവസ്ഥകളൊക്കെയുണ്ട് കേട്ടോ"

"എന്താണെങ്കിലും വേണ്ടില്ല, എന്റെ കുഞ്ഞുങ്ങൾ മിടുക്കരായി വളരണം. അത്രേയുള്ളൂ."

തന്റെ കുഞ്ഞുന്നാളിൽ അപ്പുറത്തെ കാട്ടിലെ ചെന്നായ ടീച്ചറിന്റെ വീട്ടിൽ താമസിച്ച് പഠിച്ചതും അതുകൊണ്ടുണ്ടായ ഗുണങ്ങളും മറ്റും ടട്ടുവ കുറുനരി

പുലിയമ്മയ്ക്ക് ഭംഗിയായി വിശദീകരിച്ച് കൊടുത്തു. പുലിയമ്മയുടെ കുഞ്ഞുങ്ങളുടെഅതേ പ്രായം തന്നെ ആയിരുന്നു അന്നു തനിക്കെന്നും ആ ഗ്രാമത്തിൽ ലഭിക്കുന്ന ഏത് അറിവും പെട്ടെന്ന് ഉൾക്കൊള്ളുമെന്നും ടട്ടുവ പുലിയമ്മയ്ക്ക് മനസ്സിലാക്കിക്കൊടുത്തു.

എല്ലാം മൂളിക്കേട്ടുകൊണ്ടിരുന്ന പുലിയമ്മയോട് കുറുനരി പറഞ്ഞു."ഭാഗ്യം, എന്റെ വീട്ടിൽതന്നെ താമസിച്ചു പഠിക്കാൻ പറ്റിയ ഒരു മുറിയുണ്ട്. എന്റെ ഭാര്യ ആ മുറിയൊക്കെ ഒന്നുകൂടി മനോഹരമാക്കും."

"തീരെ കുഞ്ഞുങ്ങളാ. ഇതുവരെ പിരിഞ്ഞൊന്നും പോയിട്ടില്ല." തള്ളപ്പുലി നൊമ്പരപ്പെട്ടു.

"എന്തിനു ദുഃഖിക്കണം? രണ്ടുമൂന്നുവർഷം കഴിയുമ്പോൾ അതുങ്ങൾ നല്ല പ്രഗല്ഭരായി വരില്ലേ. അതിനൊരു കൊച്ചുത്യാഗം, എന്തേ?"

പുലിയമ്മ ഒന്നും പറഞ്ഞില്ല. കുറുനരി തുടർന്നു."പിന്നെയൊരു കാര്യം കൂടി. എന്റെ കുഞ്ഞ് ഉൾപ്പെടെ ഏഴു കുഞ്ഞുങ്ങൾ. അവർക്കൊക്കെ ആഹാരം കണ്ടെത്തുക ഒരു പണിയാണെന്നറിയാമല്ലോ; സാരമില്ല. ഫീസിനുപുറമേ മാസത്തിലൊരു തവണ നല്ലൊരാട്ടിൻകുട്ടിയെക്കൂടി കൊടുത്തുവിടണം; കൊടുത്തു വിട്ടാൽ മതി."

"ഇല്ല, ഞാൻ തന്നെ വന്നോളാം. കുഞ്ഞുങ്ങളെ കാണുകയും ചെയ്യാമല്ലോ."

"ഓ അതുവേണ്ട. അതുപറയാൻ ഞാൻ വിട്ടുപോയി. ചെന്നായ സാറിന്റെ വീട്ടിൽ ഞാൻ പഠിച്ചപ്പോ മൂന്നുവർഷം, കൃത്യം മൂന്നു വർഷം കഴിഞ്ഞാ എന്റെ അച്ഛനും അമ്മയും എന്നെ കാണാൻ വന്നത്.അക്കാര്യത്തിൽ സാറിന് നിർബന്ധമുണ്ടായിരുന്നു.

അല്ലെങ്കിൽ പഠിപ്പ് ശരിയാവില്ലാന്ന് സാറ് പറയുമായിരുന്നു. അതിന്റെ ഗുണമെനിക്കുണ്ടെന്നു വച്ചോ. താങ്കളുടെ കാര്യത്തിൽ ഒരു വിട്ടു വീഴ്ചയാവാം. വർഷത്തിലൊരിക്കൽ..... പോരെ?"

"അയ്യോ അതുവേണ്ട. അങ്ങേരാണെങ്കിൽ ഭൂമുഖത്തില്ല. എന്റെ കുഞ്ഞുങ്ങളെ ഒരു വർഷമൊക്കെ കാണാതിരുന്നാൽ എനിക്കു വട്ടു പിടിക്കും. ബാക്കി വ്യവസ്ഥയൊന്നും പ്രശ്നമില്ല. പക്ഷെഇത് എന്നെക്കൊണ്ടാവില്ല."

പുലിയമ്മയുടെ മനസ്സു മനസ്സിലാക്കിയ ടട്ടുവ നയത്തിൽ പറഞ്ഞു.

"പഠിപ്പിക്കാമെന്നു ഞാനങ്ങ് ഏറ്റും പോയല്ലോ. വാക്കു മാറുന്നത് എന്നെപ്പോലുള്ളവർക്ക് ചേർന്നതല്ല. എങ്കിലും താങ്കളുടെ വിഷമം എനിക്കു മനസ്സിലാവും. ഒരു വിട്ടുവീഴ്ച. ഒരേയൊരു വിട്ടുവീഴ്ചപുലിയമ്മ വളരെ ആകാംക്ഷയോടെ കുറുനരിയെ നോക്കി.

"മാസത്തിൽ ഒരുതവണ കുഞ്ഞുങ്ങളെ കാണാനുള്ള അവസരം ശരിയാക്കിത്തരാം. എന്താ പോരേ?"

"മതി മതി. ധാരാളം മതി."

തൊട്ടടുത്ത ദിവസംതന്നെ കുഞ്ഞുങ്ങളുമായി പുലിയമ്മ അവിടെയെത്തി. പിരിയുന്ന ദിവസം വളരെയേറെവേദനപ്പെടുത്തുന്നതായിരുന്നു. പുലിയമ്മയുടെ കണ്ണുകൾ നിറഞ്ഞു. എല്ലാം അവരുടെ നല്ലതിനു

വേണ്ടിയുള്ളതാണല്ലോ എന്ന ആശ്വാസത്തിൽ പുലിയമ്മ പിരിഞ്ഞു.

കൃത്യം ഒരു മാസം. പുലിയമ്മ കുറുനരിയുടെ വീട്ടിലെത്തി വാതിലിൽ മുട്ടിവിളിച്ചു.

ടട്ടുവ പുറത്തിറങ്ങി വന്ന് പുലിയമ്മയെ സ്വീകരിച്ചു. എന്നിട്ട പതിയെ പറഞ്ഞു. “ഇവിടെ ഈ മരത്തണലിൽ നമുക്കിരിക്കാം. താങ്കളുടെ ശബ്ദം നമ്മുടെ കുഞ്ഞുങ്ങൾ കേൾക്കണ്ട. ഞാനിപ്പം വരാംകുറുനരി അകത്തുപോയി അലപം കഴിഞ്ഞ് മടങ്ങിയെത്തി.

“കുഞ്ഞുങ്ങൾ അമ്മയെ കാണണ്ട, അതു പ്രശ്നമാവും. നമുക്കിവിടെ ഇരിക്കാം. അവളിപ്പോൾ ഭക്ഷണം കൊണ്ടുവരും. അതൊക്കെ കഴിച്ചിവിടെ ഇരിക്കുമ്പോൾ എന്റെ ഭാര്യ ജനലിലൂടെ ഓരോ കുഞ്ഞുങ്ങളെ ഉയർത്തിക്കാണിക്കും. പോരെ?”

“എനിക്കു അകത്തുകേറി ഒരുനോക്ക് അവരെ കാണാൻ...”ദേ ഇതാണ പ്രശ്നം. അതാണ് ഞാൻ അദ്യം പറഞ്ഞത്. വർഷത്തിലൊരിക്കൽ കണ്ടാൽ മതിയെന്ന്. കുട്ടികളുടെ പഠനത്തിലെ ശ്രദ്ധ വിട്ടുപോകുമെന്നു മാത്രമല്ല വീട്ടിലേക്കു മടങ്ങണമെന്ന് വാശി പിടിക്കുകയും ചെയ്യും. ഒക്കെ കൊളമാകും..”

ഒടുവിൽ പുലിയമ്മ സമ്മതിച്ചു. അവർ ഭക്ഷണം കഴിച്ചുകൊണ്ടി മിക്കുമ്പോൾ അതാ ജനലിന്നരികിൽ ഒന്നാമത്തവൻ ഉയർന്നു വരുന്നു. അവന്റെ പിൻവശം മാത്രം കണ്ട് പുലിയമ്മ തൃപ്തിപ്പെട്ടു.രണ്ട്, മൂന്ന്, നാൽ, അഞ്ച്, ആറ്.

ആറു മക്കളുടെയും പുറം മാത്രം കണ്ട് അവർ മടങ്ങി.

ആറുകുഞ്ഞുങ്ങളിൽ ഒരെണ്ണം പക്ഷേ വന്ന ദിവസം തന്നെ അച്ചാറായിക്കഴിഞ്ഞിരുന്നു.

മാസം രണ്ട്, മാസം മൂന്ന് മാസം നാൽ, മാസം അഞ്ച്.

എല്ലാ മാസവും കൃത്യമായി നല്ലൊരാട്ടിൻകുട്ടിയുമായി പുലിയമ്മ വരുകയും കുഞ്ഞുങ്ങളുടെ പിൻഭാഗം കണ്ട് സന്തോഷത്തോടെ മടങ്ങുകയും ചെയ്തു.

ഒടുവിൽ ആറാമത്തെ മാസമെത്തി. ആറാമത്തെ കുഞ്ഞിനെആറുതവണ ഉയർത്തികാണിച്ചുകൊണ്ട് കുറുനരിയുടെ ഭാര്യ അടുക്കളയിലേക്കു പിൻവലിച്ചു.

അടുത്ത മാസം അവിടെയെത്തിയ



# എന്റെ മലയാളം

എന്റെ  കണ്ണ്
എന്റെ നാട്
മണ്ണിതില്ലേ വിസ്മയം
മണ്ണിലും പൊന്ന്
വിണ്ണിതിലെ വിസ്മയം

എന്റെ കുന്ന്
കുന്നിതിലും കടല്
അമ്മയിലെ വിസ്മയം
എന്റെ മനസ്സ്
ഇന്നിതിലെ വിസ്മയം

എന്റെ വാക്ക്
എന്റെ മലയാളം
സകലവിതാ കലകളുടെ
പുകൾ പെരിയ മലയാളം
നന്മ മലയാളം എന്റെ മലയാളം

അൽഫി സുജ

9:E




## ചിറകറ്റ പക്ഷി

ഭാരതമണ്ണിനെ ഉഴുതുമറിക്കുവാൻ
കച്ചകെട്ടിടുന്ന കുട്ടി നേതാക്കളെ
ഗാന്ധിയും നെഹ്റുവും കാത്തു സൂക്ഷിച്ചൊരാ
ഇന്ത്യയെ നിങ്ങളായി കൊന്നിടാതെ
ബ്രിട്ടീഷുകാരുടെ തോക്കിനു മുന്നിൽ
ചിതറിവീണൊരാ ദേശസ്നേഹികൾ
നേടിയോരാ ഇന്ത്യൻ ചാരിത്യത്തെ
വിറ്റുകാശാക്കിടാൻ ശ്രമിക്കുന്ന കൂട്ടരെ
പല പാർട്ടി നേതാക്കൾ ഒരുമിച്ചു ചേർന്നുള്ള
– ശബ്ദം ഇന്ന് ഇന്ത്യയെ ഭ്രാന്തമാക്കി.
പറന്ന് ഉയരുമ്പോൾ വിറപൂണ്ടു നിൽക്കുന്ന
ചിറകറ്റ പക്ഷിയാണ് ഇന്ത്യയെന്ന് ഓർക്കുക
ആ പക്ഷിതൻ ചിറകിനു
ശക്തിയൊന്നല്ലാതെ വേറൊന്നുമേ
നിങ്ങൾ നൽകിടാതെ!

# ഒരു AI സഞ്ചാരിയുടെ ഡയറിക്കുറിപ്പ്.

– Adharsh Ani George




AI എക്സ്പ്രസിലേക്ക് സ്വാഗതം! ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അഥവാ നിർമ്മിത ബുദ്ധി മുഖേന രൂപാന്തരപ്പെട്ട ഒരു ലോകത്തിലേക്കുള്ള ആവേശകരമായ യാത്ര ആരംഭിക്കുമ്പോൾ നിങ്ങളുടെ സീറ്റ് ബെൽറ്റുകൾ ഉറപ്പിക്കുക. ആരോഗ്യ സംരക്ഷണം മുതൽ ഗതാഗതം, ധനകാര്യം മുതൽ വിനോദം വരെ, AI ഗെയിമിനെ മാത്രമല്ല മാറ്റുന്നത്; അത് മനുഷ്യന്റെ ദൈനംദിന ജീവിതത്തെയും മാറ്റിയെഴുതുന്നു!

## ആരോഗ്യ സംരക്ഷണം: AI ഡോക്ടർ എത്തിയിരിക്കുന്നു!

രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് തന്നെ രോഗനിർണയം നടക്കുന്ന ഒരു ലോകത്തെ സങ്കൽപ്പിക്കുക. സയൻസ് ഫിക്ഷൻ പോലെ തോന്നുന്നു, അല്ലേ? ആരോഗ്യ സംരക്ഷണ മേഖലയിൽ AI ഇത് യാഥാർത്ഥ്യമാക്കി മാറ്റുകയാണ്. മെഷീൻ ലേണിംഗ്

അൽഗോരിതങ്ങൾ

പുതിയ കാലത്തെ ഡോക്ടർമാരാണ്, ഏറ്റവും പരിചയസമ്പന്നരായ ഡോക്ടർമാർക്ക് പോലും നഷ്ടമായേക്കാവുന്ന പാറ്റേണുകൾ തിരിച്ചറിയാൻ വലിയ അളവിലുള്ള ഡേറ്റാ വിശകലനത്തിലൂടെ സാധിക്കുന്നു. ഇത് കൂടുതൽ കൃത്യമായ രോഗനിർണയത്തിലേക്ക് നയിക്കുന്നു. എന്നാൽ അത് മാത്രമല്ല! AI രോഗികളെ അവരുടെ ജനിതക ഘടനയും മെഡിക്കൽ ചരിത്രവും അടിസ്ഥാനമാക്കി വ്യക്തിഗതമാക്കിയ ചികിത്സ സംയോജിപ്പിക്കുന്നു. അതിനെയാണ് നമ്മൾ AI–യുടെ 'ആരോഗ്യകരമായ' ഉപയോഗം എന്ന് വിളിക്കുന്നത്!

## ഗതാഗതം: AI "ടേക്ക്സ് ദി വീൽ"

അടുത്ത സ്റ്റോപ്പ് ഗതാഗത മേഖലയാണ്! ഇവിടെ കപ്പലിന്റെ ക്യാപ്റ്റനും വിമാനത്തിന്റെ പൈലറ്റും കാറിന്റെ ഡ്രൈവറും AI–യാണ്. AI ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്വയംഭരണ വാഹനങ്ങൾ നമ്മുടെ റോഡുകൾ സുരക്ഷിതമാക്കുകയും യാത്രകൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ വാഹനങ്ങൾ സെൻസർ ഡാറ്റ പ്രോസസ്സ് ചെയ്യുന്നതിനും എപ്പോൾ ത്വരിതപ്പെടുത്തണം, ബ്രേക്ക് ചെയ്യണം, അല്ലെങ്കിൽ സ്റ്റിയർ ചെയ്യണം എന്നിങ്ങനെയുള്ള തത്സമയ തീരുമാനങ്ങൾ എടുക്കുന്നതിന് AI അൽഗോരിതങ്ങൾ ഉപയോഗിക്കുന്നു. അതിനാൽ AI ചക്രം പിടിക്കുമ്പോൾ വിശ്രമിക്കുക, സവാരി ആസ്വദിക്കൂ!

## ധനകാര്യം: AI, നിങ്ങളുടെ സ്വകാര്യ ധനകാര്യ ഗുരു

ധനകാര്യത്തിൽ: AI ടാസ്ക്കുകൾ ഓട്ടോമേറ്റ് ചെയ്യുന്നു, ഏതൊരു മനുഷ്യനും

കഴിയുന്നതിനേക്കാൾ വേഗത്തിൽ മാർക്കറ്റ് ട്രെൻഡുകളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു. ഭാവിയിലെ ട്രെൻഡുകൾ പ്രവചിക്കാൻ അൽഗോരിതങ്ങൾ മാർക്കറ്റ് ഡാറ്റ വിശകലനം ചെയ്യുന്നു, നിക്ഷേപകരെ

വിവരമുള്ള തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു. വഞ്ചന കണ്ടെത്തൽ

മുതൽ ഉപഭോക്തൃ സേവനം വരെ, AI കാര്യക്ഷമതയും ഉപഭോക്തൃ സംതൃപ്തിയും മെച്ചപ്പെടുത്തുന്നു. അതിനാൽ, നിങ്ങൾ ഒരു സ്റ്റോക്ക് മാർക്കറ്റ് പ്രേമി ആണെങ്കിലും അല്ലെങ്കിൽ നിങ്ങളുടെ ചെക്ക്ബുക്ക് ബാലൻസ് ചെയ്യാൻ ശ്രമിക്കുകയാണെങ്കിലും, AI നിങ്ങൾക്ക് വലിയൊരു പിൻബലമാണ്!

## വിനോദം: AI, "ദി ഷോസ്റ്റോപ്പർ!"

വിനോദത്തിന്റെ തിളക്കമാർന്ന ലോകത്തേക്ക് വഴിമാറാം. ഇവിടെ, AI ആണ് സംവിധായകനും തിരക്കഥാകൃത്തും സംഗീതസംവിധായകനും. സ്ട്രീമിംഗ് സേവനങ്ങൾ നിങ്ങളുടെ കാഴ്ച ശീലങ്ങൾ വിശകലനം ചെയ്യുന്നതിനും നിങ്ങളുടെ മുൻഗണനകൾക്ക് അനുയോജ്യമായ ഉള്ളടക്കത്തിനായി AI ഉപയോഗിക്കുന്നു. സ്ക്രിപ്റ്റുകൾ എഴുതുകയോ സംഗീതം രചിക്കുകയോ പോലുള്ള ഉള്ളടക്കം സൃഷ്ടിക്കുന്നതിലും AI ഒരു പങ്ക് വഹിക്കുന്നു. അതിനാൽ, നിങ്ങളുടെ പോപ്കോൺ പിടിച്ച് AI നിങ്ങളെ രസിപ്പിക്കട്ടെ!

**ഉപസംഹാരം:** ഭാവി AI ആണ്. ഞങ്ങളുടെ യാത്രയുടെ അവസാനത്തിൽ എത്തുമ്പോൾ, ഒരു കാര്യം വ്യക്തമാണ് – നമുക്ക് ഒരിക്കലും ചിന്തിക്കാൻ പോലും കഴിയാത്ത വിധത്തിൽ AI ലോകത്തെ മാറ്റിമറിക്കുന്നു. സാങ്കേതികവിദ്യ വികസിക്കുന്നത് തുടരുമ്പോൾ, AI-യുടെ സ്വാധീനം വളരുകയും പുതിയ അവസരങ്ങളും വെല്ലുവിളികളും സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ, AI രൂപപ്പെടുത്തിയ ഈ ത്രില്ലിംഗ് റൈഡ് ഭാവിയിലേക്ക് തുടരുമ്പോൾ വീണ്ടുമൊരു ശുഭയാത്രയ്ക്കായി ഒരുങ്ങാം.


# യഥാർത്ഥ സൗഹൃദം

ശക്തമായ സൗഹൃദത്തിന് ദൈനംദിന സംഭാഷണം ആവശ്യമില്ല, എല്ലായ്പ്പോഴും ഒരുമയുടെ ആവശ്യമില്ല, ബന്ധം ഹൃദയത്തിൽ വസിക്കുന്നിടത്തോളം, യഥാർത്ഥ സുഹൃത്തുക്കൾ ഒരിക്കലും പിരിയുകയില്ല. അവർ നക്ഷത്രങ്ങളെപ്പോലെയാണ്, നിങ്ങൾ എല്ലായ്പ്പോഴും അവരെ കാണുന്നില്ല, എന്നാൽ അവർ എപ്പോഴും അവിടെ ഉണ്ടെന്ന് നിങ്ങൾക്കറിയാം .മാതൃഭാഷ

മലയാളമാണെന്റെ മാതൃഭാഷ
ഞാനേറെ സ്നേഹിക്കുന്നൊരുഭാഷ
ഭാഷകളേതൊക്കെ ശീലിച്ചാലും
മറക്കില്ല ഞാനെന്റെ മാതൃഭാഷ

–Pooja.R 9C





# മരം

നശിക്കുന്നു ഞാനെന്ന
അറിഞ്ഞിട്ടുകൂടി യും ചലനം ഇല്ലാതെ നിൽക്കുന്നു ഞാൻ.
മിണ്ടുവാൻ ആകുന്നില്ല, ചലിക്കുവാൻ ആകുന്നില്ല
എന്തു ഞാൻ ചെയ്തീടും?
കരയാൻ അറിയില്ല എങ്കിലും മനസ്സിൽ ഒരായിരം
തവണകരഞ്ഞിടുന്നു ഞാൻ. കാര്യമില്ലെന്ന് അറിഞ്ഞിട്ടും ഞാൻ
എന്റെ ഉള്ളിലെ നോവ് കരഞ്ഞു തീർക്കുകയായി. ആരോട്
പറയും  എന്റെ മനസ്സിലെ ദുഃഖങ്ങൾ?
അപേക്ഷിക്കുന്നു ഞാൻ അപേക്ഷിക്കുന്നു, കൊല്ലരുതേന്നെ
കൊല്ലരുത് വരും തലമുറയ്ക്ക് ഒരു സമ്മാനമായി പ്രകൃതിയെ
നമുക്ക് സമ്മാനിച്ചിടാം.

–Pooja.R

IX – C

# വൃദ്ധാസദനങ്ങളുടെ സ്വന്തം നാടെന്ന പേരിലേക്ക്

"ദൈവത്തിന്റെ സ്വന്തം നാടെന്ന പേരിൽ നിന്നും "വൃദ്ധാസദനങ്ങളുടെ സ്വന്തം നാടെന്ന്" പേര് കേരളം സ്വായത്തമാക്കിക്കഴിഞ്ഞു. ശാന്തിയും സമാധാനവും സന്തോഷവുമുള്ള കുടുംബങ്ങൾ ഇന്ന് നമ്മുടെ ഓർമ്മകളിൽ മാത്രമായി കഴിഞ്ഞിരിക്കുന്നു. സ്വത്തിനുവേണ്ടി മാത്രം മാതാപിതാക്കളെ സ്നേഹിക്കുന്ന രീതി ഇന്ന് മനുഷ്യസഹജമായിരിക്കുന്നു. ഭൂരിഭാഗം കേരളീയനും മാതാപിതാക്കളെ വൃദ്ധാസദനങ്ങളിൽ ഉപേക്ഷിക്കുന്നു. ഇപ്പോൾ കേരളത്തിൽ മാതാപിതാക്കളെ സംരക്ഷിക്കുന്നവർ ചുരുക്കമാണ്. മാതാപിതാക്കളെ വീട്ടിൽ നിന്നും ഇറക്കിവിടുന്നു. അവർ തെരുവുകൾതോറും അലഞ്ഞ് തിരിഞ്ഞ് വൃദ്ധാസദനത്തിന്റെ പടിവാതിൽക്കൽ എത്തിച്ചേരുന്നു. അവിടെ നിന്ന് അവർ കളിതമാശകളുടെ ചെറുപ്പകാലത്തേക്ക് കാലെത്തുവെയ്ക്കുന്നു. അപ്പപ്പനും അമ്മൂമ്മയും ഉള്ളപ്പോഴുള്ള സന്തോഷവും ഇല്ലാത്തപ്പോഴുള്ള ദുഃഖവും വളരെ വലുതാണ്. അത് നാം നമ്മുടെ ഓർമ്മകളിൽ വയ്ക്കുക. നാം നമ്മുടെ മാതാപിതാക്കളെ ഉപേക്ഷിക്കാതിരിക്കുക.

Abner Anil
9D



# അമ്മ

എന്റെ അമ്മയാം ഭാരതാംബേ

നിൻമടിത്തട്ടിൽ വിളങ്ങും മറ്റൊരമ്മയാണെന്റെ കേരളം

എന്റെ അമ്മയാം കൈരളി

തന്നൊരു പുണ്യമാണെന്റെ അമ്മ

അമ്മയാണെന്റെ സർവ്വവും

അമ്മതൻ മടിത്തട്ടിലൊരു പിഞ്ചു കുഞ്ഞായ് കിടക്കുവാൻ

ഇപ്പോഴും കൊതിക്കുന്നു

ഞാൻ അമ്മ പാടിയ താരാട്ടിനീണവും

അമ്മ നുകർന്നു തന്ന അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും

ഇന്നുമെൻ നാവിൽ കൊതിയുണർത്തീടുന്നു

ഇനിയൊരു ജന്മമുണ്ടെങ്കിൽ അമ്മതൻ പൈതലായ്


ജനിക്കുവാനാണെൻ തപം

-Diya Moncy
9:B



# സന്തോഷം

സന്തോഷം എന്നത് മാനസികമോ വൈകാരികമോ ആയ ഒരു അവസ്ഥയായതിനാൽ അത് വ്യക്തമായി നിർവചിക്കാനാവില്ല.അത് സംതൃപ്തി മുതൽ തീവ്രമായ സന്തോഷം വരെ കാണാം.എന്നാൽ എല്ലാവരും സന്തോഷവാനായിരിക്കാൻ ഇഷ്ടപ്പെടുന്നു.നമുക്ക് ജീവിതത്തിൽ ഒരു അഭിലാഷം ഉണ്ടായിരിക്കണം.അത് നമ്മെ സജീവമാക്കുകയും നമ്മുടെ ലക്ഷ്യം തിരിച്ചറിയുമ്പോൾ നാം സംതൃപ്തരായിത്തീരുകയും ചെയ്യുന്നു. മറ്റുള്ളവരോട് ദയയും സഹാനുഭൂതിയും കാണിക്കുന്നത് സന്തോഷം കണ്ടെത്തുന്നതിനുള്ള ഒരു മാർഗമാണ്. ആത്മവിശ്വാസം സന്തോഷത്തിലേക്കും സന്തോഷത്തിലേക്കും വഴിയൊരുക്കുന്നു. സുഹൃത്തുക്കളില്ലാത്ത ജീവിതം വിരസവും വിരസവുമാണ്.സുഹൃത്തുക്കൾക്ക് നമ്മെ പല തരത്തിൽ സന്തോഷിപ്പിക്കാൻ കഴിയും.പോസിറ്റീവ് ചിന്തകൾ നമ്മുടെ മനസ്സിനെ പുതുമയും സന്തോഷവും നിലനിർത്തുന്നു. നുറുങ്ങുകൾ പിന്തുടരുന്നതിലൂടെ നമുക്ക് സന്തോഷിക്കാം



GRACE ANNA BIJU

9 E

# മടക്കയാത്ര

ഇനിയീ പടിയിറങ്ങാം

വേദനയിറ്റവരണ്ട

നിലങ്ങളിൽ നിന്നൊരുന്നാൾ

ഞാനെത്തിയ പൂമരത്തണലിൽ

വിടപറയാൻ മാത്രമൊന്നിച്ച

സൗഹൃദച്ചിരികളുമായി

ഇനിയീപടിയിറങ്ങാം.......

-Archalekshmi.TM.

IX I



# ഓർമ്മകൾ



ഇനിയും ഈ നിമിഷങ്ങൾ തിരികെ വന്നെങ്കിൽ അറിയാതെ മെല്ലെ ഞാൻ ഓർത്തുപോയി. കാലങ്ങൾ പോകുന്നത് അറിയാതെ നാം ഒരുപാട് നിമിഷങ്ങൾ പങ്കുവെച്ചു. സൗഹൃദത്തിന്റെ അതിമധുരം കൊതിച്ച് അകലേക്ക് പറക്കാൻ കാത്തിരുന്നു.ജീവനിൽ എങ്ങും സ്നേഹം നിറച്ച് നിഴൽ പോലെ എന്നും കൂടെ നടന്നു. കാലത്തിന്റെ കൈ നമ്മെ ചേർക്കുമെന്ന്, മനസ്സിന്റെ മായാത്ത വിങ്ങലായി മധുരനൊമ്പരങ്ങൾ തങ്ങിനിന്നു. ഓർമ്മയിൽ മായാ സൗന്ദര്യമായി ഈ സൗഹൃദം എന്നും നിലനിൽക്കും!

Pooja.R

9C

# Book Review

അറ്റുപോകാത്ത ഓർമ്മകൾ–T J ജോസഫ്

ചോദ്യപേപ്പർ വിവാദത്തിൽ കൈ നഷ്ടമായ അധ്യാപകന്റെ ആത്മകഥയാണ് അറ്റുപോകാത്ത ഓർമ്മകൾ. കണ്ണ് നിറയാതെ ആ പുസ്തകം നമുക്ക് വായിച്ച് തീർക്കാനാവില്ല. D.C ബുക്ക് പബ്ലിഷ് ചെയ്ത പുസ്തകമാണിത് .ഇംഗ്ലീഷിലേക്കും ഇത് തർജിമ ചെയ്തിട്ടുണ്ട്. ഈ പുസ്തകം ആരംഭിക്കുന്നത് തന്നെ ആ ചോദ്യത്തിൽ നിന്നാണ്. നിങ്ങൾക്കും ആ ചോദ്യം ഏതാണെന്ന് അറിയാൻ ആഗ്രഹമുണ്ടാകുമല്ലോ?

പുസ്തകത്തിന്റെ ആദ്യ ഭാഗത്ത് തന്നെ അദ്ദേഹം വിശദമായി ഇതിനെക്കുറിച്ച് പറയുന്നു. നിരപരാധിയായ കോളേജ് അദ്ധ്യാപകൻ -ന്യൂമാൻ കോളേജിലെ മലയാളം മേധാവിയായ അദ്ദേഹം ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് ഒളിവിൽ അകപ്പെടുകയും പിന്നീട് ഒരു ദിവസം സഹോദരിയായ കന്യാസ്ത്രീക്ക് ഒപ്പം പള്ളിയിലേക്കുപോകവേ ഒരു ഒമ്നിവാൻ വളഞ്ഞു പിടിച്ച് അദ്ദേഹത്തിന്റെ കൈപത്തി വെട്ടി മാറ്റി.ചോദ്യപേപ്പർ വിവാദത്തിൽ കോടതി ഇദ്ദേഹത്തെ വെറുതെ വിട്ടു. ഒളിവിൽ താമസിച്ച കാലത്തെകുറിച്ച് അ്ദേഹം വിശദമാക്കുന്നു. തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടിനെ തുടർന്ന് ഭാര്യ സലോമിക്കുണ്ടായ അനുഭവങ്ങൾ ഇവ വിശദമായി പ്രതിപാദിക്കുന്നു. മകൻ അനുഭവിച്ച സങ്കടങ്ങൾ...ഇവയൊക്കെ വായനക്കാരുടെ കണ്ണുകളെ ഈറനണിക്കുന്നു. അദ്ദേഹം തന്റെ കൈ വെട്ടിയവരോട് അന്നേ ക്ഷമിച്ചു അതിനുള്ള കാരണമായി അദ്ദേഹം പറഞ്ഞത് "ബുദ്ധിയുടെ അപാരതകളിലേക്ക് വളരാത്ത വിശ്വാസത്തിന്റെ

ഇരുളിലേക്ക് പോയ മന്ദബുദ്ധികളായ കുറച്ച് ആളുകൾ ഒത്തുകൂടി ബഹളം വെച്ച്" ഇതുപോലെ മനോഹരമായ ഒരു പാട് ഭാഷാശൈലികൾ കൊണ്ട് സമ്പുഷ്ടമാണ് ഈ പുസ്തകം തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനും വലതു കൈ നഷ്ടപ്പെട്ട അദ്ദേഹം ഇടതു കൈ കൊണ്ട് എഴുതാൻ പഠിച്ച Book Review

അറ്റുപോകാത്ത ഓർമ്മകൾ – T J ജോസഫ്

ചോദ്യപേപ്പർ വിവാദത്തിൽ കൈ നഷ്ടമായ അധ്യാപകന്റെ ആത്മകഥയാണ് അറ്റുപോകാത്ത ഓർമ്മകൾ. കണ്ണ് നിറയാതെ ആ പുസ്തകം നമുക്ക് വായിച്ച് തീർക്കാനാവില്ല. D.C ബുക്ക് പബ്ലിഷ് ചെയ്ത പുസ്തകമാണിത് . ഇംഗ്ലീഷിലേക്കും ഇത് തർജിമ ചെയ്തിട്ടുണ്ട്.




ഈ പുസ്തകം ആരംഭിക്കുന്നത് തന്നെ ആ ചോദ്യത്തിൽ നിന്നാണ്. നിങ്ങൾക്കും ആ ചോദ്യം ഏതാണെന്ന് അറിയാൻ ആഗ്രഹമുണ്ടാകുമല്ലോ? പുസ്തകത്തിന്റെ ആദ്യ ഭാഗത്തു തന്നെ അദ്ദേഹം വിശദമായി ഇതിനെക്കുറിച്ച് പറയുന്നു. നിരപരാധിയായ കോളേജ് അധ്യാപകൻ -ന്യൂമാൻ കോളേജിലെ മലയാളം മേധാവിയായ അദ്ദേഹം ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് ഒളിവിൽ അകപ്പെടുകയും പിന്നീട് ഒരു ദിവസം സഹോദരിയായ കന്യാസ്ത്രീക്ക് ഒപ്പം പള്ളിയിലേക്ക്. കുപോകവേ ഒരു ഒമ്നിവാൻ വളഞ്ഞു പിടിച്ച് അദ്ദേഹത്തിന്റെ കൈപത്ത

അദ്ദേഹം തന്റെ കൈ വെട്ടിയവരോട് അന്നേ ക്ഷമിച്ചു അതിനുള്ള കാരണമായി അദ്ദേഹം പറഞ്ഞു. "ബുദ്ധിയുടെ അപാരതകളിലേക്ക് വളരാത്ത വിശ്വാസത്തിന്റെ ഇരുളിലേക്ക് പോയ മന്ദബുദ്ധികളായ കുറച്ച് ആളുകൾ ഒത്തുകൂടി ബഹളം വെച്ചു" ഇതുപോലെ മനോഹരമായ ഒരു പാട് ഭാഷാശൈലികൾ കൊണ്ട് സമ്പുഷ്ടമാണ് ഈ പുസ്തകം തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനും വലതു കൈ നഷ്ടപ്പെട്ട അദ്ദേഹം ഇടതു കൈ കൊണ്ട് പഠിച്ച് ഏതു പ്രതിസന്ധിയെയും അതിജീവിക്കാം എന്ന ഓർമ്മപ്പെടുത്തലും അദ്ദേഹം നൽകുന്നു. മതത്തിലേക്ക് ചുരുങ്ങി പോകരുതെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു 400 ൽ പുറത്ത് പേജുകൾ ഉള്ള ഈ പുസ്തകം എല്ലാവരും വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

ANGELENA MARIA SHAJI
9D

# എന്റെ കുടുംബം


എനിക്ക് കിട്ടിയ ഏറ്റവും വലിയ സ്വത്ത്
നിങ്ങളാണ്...

ഈ വിശാലമായ ലോകത്ത് എനിക്ക് ലഭിച്ച
ഏറ്റവും മികച്ച കാര്യം നിങ്ങളാണ്...

നിങ്ങൾ എന്നെ പരമാവധി സഹായിക്കുന്നു,
ഇപ്പോൾ അത് ചെയ്യാനുള്ള എന്റെ
ഊഴമാണ്...



# മരണം



ഓരോ ഇടിപ്പിലും ഹൃദയ തുടിപ്പിലും മരണം എന്ന വാതിൽ കുറിക്കുന്നു.

മരണം എന്ന വാക്ക് കേൾക്കുമ്പോൾ അറിയാതെ ഹൃദയം തകരുന്നു.

ഉടയോന്റെ പേനയുടെ മഷി തീരുമ്പോൾ മരണം എന്ന വാക്ക് യാഥാർത്ഥ്യമാകുന്നു.

സമയവും കാലവും നിശ്ചയിച്ച പറയാതെ മരണം കടന്നുവരുന്നു.

മരണം എന്നത് സത്യമാണെന്ന് ചിന്തിച്ച് നല്ലത് ചെയ്യുക നല്ലത് പ്രവർത്തിക്കുക.

ഈ യാഥാർത്ഥ്യം തിരിച്ചറിയാതെ ജീവിക്കുന്ന മനുഷ്യനെ നാം എന്തു വിളിക്കും?

അബിന സാബു ix d

# സാധ്യതകളുടെ ലോകത്തേക്ക്




നിർമ്മിതബുദ്ധിയും 2024 ലെ തിരഞ്ഞെടുപ്പുകളും

ട്രീസാ മേരി സുന്ദ (മൊഴിമാറ്റം : ടോം മാത്യു ) January 01, 2024 ASSISI MAGAZINE

ആഗോളതലത്തിൽ ജനാധിപത്യത്തിൻറെ ഗതിയിൽ ഒരു വഴിത്തിരിവാകുമെന്ന് പൊതുവേ കരുതപ്പെടുന്ന വർഷമാണ് 2024. നിരവധി രാജ്യങ്ങളിലെ പൊതു തിരഞ്ഞെടുപ്പുകളും പ്രസിഡൻറ് തിരഞ്ഞെടുപ്പുകളും നടക്കാൻ പോകുന്ന വർഷമാണ് 2024 പ്രസിഡൻറ് തെരഞ്ഞെടുപ്പ് ഇന്ത്യയിലെ പാർലമെൻറ് തിരഞ്ഞെടുപ്പ് അവയിൽ വളരെ പ്രധാനപ്പെട്ട രണ്ടെണ്ണം മാത്രം. ഈയൊരു സാഹചര്യത്തിൽ നിർമ്മിത ബുദ്ധി രാഷ്ട്രീയ രംഗത്ത് എങ്ങനെ സ്വാധീനം ചെലുത്തുമെന്ന് പരിശോധിക്കുന്നത് ഉചിതമാണ്. നിർമ്മിതബുദ്ധിയുടെ (Artificial Intelligence – AI) ധ്രുതഗതിയിലുള്ള വികാസം രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തിതുടങ്ങിയിരിക്കുന്നു. തിരഞ്ഞെടുപ്പു പ്രക്രിയയിൽ പങ്കുചേരുന്ന നിർമ്മിതബുദ്ധി അവസരങ്ങളും ഒപ്പം വെല്ലുവിളികളും ഉയർത്തുന്നു,

തിരഞ്ഞെടുപ്പ് പ്രക്രിയയെ
മാറ്റിത്തീർക്കാൻ പോന്ന
ശക്തിയായിരിക്കുന്നു.
സ്ഥാനാർത്ഥികൾക്കായി
വശ്യമായ പ്രസംഗങ്ങൾ
തയ്യാറാക്കുന്നതിൽ മുതൽ
സൂക്ഷ്മതലത്തിൽ
വ്യക്തിപരമായി വോട്ടർമാരെ
സ്വാധീനിക്കുന്ന തന്ത്രങ്ങൾ
മെനയുന്നതിൽവരെ,
പ്രചരണതന്ത്രങ്ങളിൽ മുതൽ
തിരഞ്ഞെടുപ്പ് സുരക്ഷയിൽ വരെ
ഉപയോഗിക്കപ്പെടുമ്പോൾ
നിർമ്മിതബുദ്ധി
ജനാധിപത്യപ്രക്രിയയെ
സ്വാധീനിക്കാനും
രൂപപ്പെടുത്താനും കഴിയുന്ന
നിർണായക ഘടകമായി മാറും.

## അമേരിക്കൻ പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ നിർമ്മിതബുദ്ധി

2020ലെ യു എസ് പ്രസിഡൻറ്
തിരഞ്ഞെടുപ്പിൽ നിർമ്മിതബുദ്ധി
നിർണായക പങ്കു വഹിച്ചിരുന്നു.
പ്രചരണതന്ത്രങ്ങളിലും
സാമൂഹിക
മാധ്യമ നിരീക്ഷണത്തിലും
വോട്ടർമാരുടെ രജിസ്ട്രേഷനിലും
തിരഞ്ഞെടുപ്പ് സുരക്ഷയിലും
വ്യാജപ്രചരണങ്ങൾ
പൊളിക്കുന്നതിലും നിർമ്മിതബുദ്ധി
പ്രത്യേക ചുമതല വഹിച്ചു.
വോട്ടർമാരെക്കുറിച്ചുള്ള കുറ്റൻ
വിവരശേഖരം അപഗ്രഥിച്ച്
വോട്ടർമാരെ സ്വാധീനിക്കാവുന്ന
ഘടകങ്ങൾ കണ്ടെത്തി
അതനുസരിച്ച് തിരഞ്ഞെടുപ്പ്
തന്ത്രങ്ങൾ ആസൂത്രണം ചെയ്യാൻ
നിർമ്മിതബുദ്ധിയുടെ
പ്രവചനാത്മക അപഗ്രഥനശേഷി
വലിയ തോതിൽ
ഉപയോഗിക്കപ്പെട്ടു.
നിർമ്മിതബുദ്ധി
തയ്യാറാക്കിയ മാതൃകകൾ
ഉപയോഗിച്ചാണ് ട്രംപിനും
ബൈഡനും വേണ്ടി നിർദ്ദിഷ്ട
വോട്ടർമാരെ ലക്ഷ്യംവച്ചുള്ള
പ്രചരണതന്ത്രങ്ങൾ
രൂപപ്പെടുത്തിയത്. ഫേസ്ബുക്കും
ട്വിറ്ററും പോലുള്ള
സാമൂഹ്യമാധ്യങ്ങളിലെ തെറ്റായ
വിവരങ്ങളെ കണ്ടെത്തി

ശ്രദ്ധയിൽപ്പെടുത്തുക വഴി സാമൂഹികമാധ്യമങ്ങളിലെ വ്യാജപ്രചരണങ്ങളെ നിരീക്ഷിക്കാനും അതുവഴി അതിൻറെ ദൂഷ്യഫലങ്ങൾ ഒഴിവാക്കാനും നിർമ്മിതബുദ്ധി സഹായകമായി. വോട്ടർമാർക്ക് വിവരങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്ന ചാറ്റ്ബോട്ടുകൾ (Chatbot) വോട്ടർമാരുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമമാക്കാനും മെച്ചപ്പെടുത്താനും ഉപകരിച്ചു. ഏറ്റം സൂക്ഷ്മതയുള്ള അൽഗോരിതം ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളെ നിരീക്ഷിക്കുകയും അട്ടിമറിശ്രമങ്ങൾ തടയുകയും ചെയ്യുകവഴി തിരഞ്ഞെടുപ്പ് സുരക്ഷയിലും സുതാര്യതയിലും നിർമ്മിതബുദ്ധി സുപ്രധാന പങ്കുവഹിച്ചു. വോട്ടർ മാരുടെ കാഴ്ചപ്പാടുകളെ സ്വാധീനിച്ചേക്കാവുന്ന തെറ്റായ വിവരങ്ങളും തെറ്റിദ്ധാരണാജനകമായ ഉള്ളടക്കങ്ങളും കണ്ടെത്തി തിരുത്തുന്നതിനുള്ള നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ഡീപ് ഫേക്ക് ഡിറ്റക്ഷൻ സങ്കേതങ്ങൾ(deep fake detection tools) വികസിപ്പിക്കപ്പെട്ടു. എല്ലാറ്റിനുമുപരിയായി വോട്ടർമാരുടെ അപ്പപ്പോഴുള്ള ആഭിമുഖ്യങ്ങൾ നിർമ്മിതബുദ്ധി വഴി വിശകലനം ചെയ്ത് തിരഞ്ഞെടുപ്പ് പ്രചരണത്തിൻറെ തന്ത്രങ്ങളും ആശയങ്ങളും അടിക്കടി പുതുക്കാനും സാധ്യമായി.

## നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും

വരുന്ന തിരഞ്ഞെടുപ്പുകളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന ഘടകം എന്നതിനപ്പുറം നിലവിലുള്ള സാമൂഹികഘടനയെ ആകെത്തന്നെ മാറ്റിമറിക്കാൻ പോന്ന ചാലകശക്തിയായി നിർമ്മിതബുദ്ധിയെ മനസ്സിലാക്കേണ്ടതുണ്ട്. കാര്യക്ഷമതയും സുരക്ഷയും

നയപരമായ ഉൾക്കാഴ്ചയും വർധിപ്പിക്കാൻ നിർമ്മിതബുദ്ധിക്ക് കഴിയും. അതേസമയം ധാർമ്മികപ്രതിസന്ധികളും സ്വകാര്യത സംബന്ധിച്ച ഉൽക്കണ്ഠകളും സാമൂഹിക അവിശ്വാസവും സൃഷ്ടിക്കാനും അതിനു കഴിയും. രാഷ്ട്രീയലക്ഷ്യത്തോടെ ഏതെങ്കിലും പ്രത്യേകജനവിഭാഗങ്ങളുടെ പക്ഷപാതപരമായ പ്രൊഫൈലുകൾ തയ്യാറാക്കാൻ നിർമ്മിതബുദ്ധിയെ ഉപയോഗപ്പെടുത്താമെന്ന് കേംബ്രിഡ്ജ് അനലിറ്റിക്ക വിവാദം തെളിയിച്ചു. ലക്ഷക്കണക്കിന് ആളുകളുടെ വ്യക്തിപരമായ വിവരങ്ങൾ വിശകലനം ചെയ്യുന്ന നിർമ്മിതബുദ്ധി വോട്ടർമാരുടെ സ്വകാര്യത സംബന്ധിച്ച ആശങ്ക ഉണർത്തുന്നു. ദുരുപയോഗം ചെയ്യപ്പെടാനും ഹാക്ക് ചെയ്യപ്പെടാനുമുള്ള സാധ്യതകളും ചോദ്യങ്ങൾ ഉയർത്തുന്നു. നിർമ്മിതബുദ്ധിയുടെ പ്രവർത്തനത്തെപ്പറ്റിയുള്ള ധാരണാശക്തിയില്ലായ്മയും

അതിൻറെ പ്രവർത്തനങ്ങളിലെ സുതാര്യതയില്ലായ്മയും പൊതുജനങ്ങളിൽ അവിശ്വാസത്തിന് ഇടയാക്കുകയും അതു തിരഞ്ഞെടുപ്പു പ്രക്രിയയിലുള്ള അവിശ്വാസമായി പ്രതിഫലിക്കുകയും ചെയ്യേക്കാം. തിരഞ്ഞെടുപ്പ് പ്രക്രിയകളിലേക്ക് എ ഐ സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗി ക്കുമ്പോൾ ഉണ്ടാകുന്ന ധാർമിക പ്രതിസന്ധികൾ പ്രധാനമായി രണ്ടെണ്ണമാണ്. ഒന്നാമതായി ; തിര ഞ്ഞെടുപ്പിൽ പ്രചരിക്കുന്ന കാര്യങ്ങളുടെ ആധികാ രികതയിൽ പൊതുസമൂഹത്തിന് ഉണ്ടാകുന്ന അവിശ്വാസം. മനുഷ്യനിർമ്മിതമായതിനെയും എ ഐ നിർമ്മിതമായവയെയും വേർതിരിച്ചറിയാൻ സാധാരണക്കാരന് പ്രയാസമാണ്. അതുകൊണ്ടു തന്നെ നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള വ്യാജ സൃഷ്ടിയാണോ തൻറെ മുന്നിലുള്ള ഈ പ്രചാരണ വസ്തുക്കൾ എന്ന നിരന്തരമായ സംശയം പൊതു

ജനത്തിന് സ്വാഭാവികമായും ഉണ്ടാകും. രണ്ടാമത്തെ ധാർമിക പ്രതിസന്ധി സ്വകാര്യതയുമായി ബന്ധപ്പെട്ടതാണ്. ആധാർ കാർഡിലെ 16 അക്കങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ ബയോമെട്രിക്സ് മുഴുവൻ അനാവരണം ചെയ്യാൻ കഴിയും.

ഇത്തരം സ്വകാര്യ വിവരങ്ങൾ എ ഐ സാങ്കേതിവിദ്യയ്ക്ക് ലഭ്യമാക്കുമ്പോൾ ഉണ്ടാകുന്ന ദൂരവ്യാപകമായ പരി ണിതഫലങ്ങൾ സങ്കൽപ്പിക്കാവുന്നതിലും ഉപരിയാണ്. കൂടാതെ സാമൂഹിക മാധ്യമങ്ങളിലുള്ള സ്വകാര്യ വിവരങ്ങളും വ്യക്തിപരമായ താൽപര്യങ്ങളും എത്രത്തോളം ഭ്യമഴശഹല ആണെന്ന് നമുക്കെല്ലാവർക്കും ഉത്തമ ബോധ്യമുണ്ട്. ഈ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യാമെന്നും ക്രിയാത്മകമായി കൈകാര്യം ചെയ്യാമെന്നും ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

## നിർമ്മിതബുദ്ധിയിൽ നിന്നുള്ള ഉള്ളടക്കങ്ങളും ഡീപ്ഫേക്ക് സാങ്കേതികതയും

നിർമ്മിതബുദ്ധിയാൽ ഉത്പാദിപ്പിക്കപ്പെടുന്ന, യാന്ത്രിക രചനകളും ഡീപ്ഫേക്ക് ചലച്ചിത്രങ്ങളും (deep fake films) ഇന്ന് വ്യാപകമായിട്ടുണ്ട്. ഒരാൾ ഒരിക്കലും പറയുകയോ ചെയ്യുകയോ ചെയ്യാത്ത കാര്യങ്ങൾ പറയുന്നതായും ചെയ്യുന്നതായും പൂർണമായി വിശ്വസനീയമായ രീതിയിൽ ദൃശ്യവൽക്കരിച്ച വീഡിയോകൾ AI സാങ്കേതികവിദ്യ ഉപയോഗിച്ച് തയ്യാറാക്കാൻ ഇന്ന് ഒരു ബുദ്ധിമുട്ടുമില്ല. അടുത്ത തിരഞ്ഞെടുപ്പിലും ഉണ്ടാകുമെന്ന് യു. എസ്. പ്രസിഡൻറ് ജോ ബൈഡൻ പ്രഖ്യാപിച്ചയുടൻ അദ്ദേഹം രണ്ടാം വട്ടം വിജയിച്ചാൽ എങ്ങനെയാവുമെന്ന രീതിയിൽ ചിത്രീകരിച്ച വീഡിയോ റിപ്പബ്ളിക്കൻ പാർട്ടിയുടെ ദേശീയസമിതി പുറത്തുവിടുകയുണ്ടായി. പ്രസിഡൻറ് ജോ ബൈഡനും

വൈസ് പ്രസിഡൻറ് കമലാ ഹാരിസും ഒരു തിരഞ്ഞെടുപ്പ് ദിന ഒത്തുചേരൽ ആഘോഷിക്കുന്ന നിർമ്മിതബുദ്ധിയാൽ വ്യാജമായി തയ്യാറാക്കിയ ദൃശ്യങ്ങൾ ആ വീഡിയോയിലുണ്ട്. 2024ലെ തിരഞ്ഞെടുപ്പിൽ ജോ ബൈഡൻ ജയിച്ചതിനുശേഷം സംഭവിക്കുന്നത് എന്ന വ്യാജേന ആഭ്യന്തരവും അന്താരാഷ്ട്രവുമായ പ്രതിസന്ധികളുടെ ഒരു നീണ്ട നിരയും വീഡിയോയിൽ ആഖ്യാനം ചെയ്യപ്പെടുന്നു. നിർമ്മിതബുദ്ധിയെ രാഷ്ട്രീയരംഗത്ത് എത്രമാത്രം വക്രീകരിച്ച് ഉപയോഗിക്കാൻ കഴിയുമെന്നതിൻറെ ഞെട്ടിക്കുന്ന ദൃഷ്ടാന്തമാണിത്. നിർമ്മിതബുദ്ധി രാഷ്ട്രീയപ്രചരണത്തിന് ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടിയന്തിരമായി രൂപീകരിക്കേണ്ടതിൻറെ ആവശ്യകതയാണ് ഈ സംഭവം വിളിച്ചോതുന്നത്.

## നിർമ്മിതബുദ്ധി–
## എഴുത്തിലും രാഷ്ട്രീയത്തിലും

മനുഷ്യ ഭാഷയ്ക്ക് സദൃശ്യമായ രീതിയിൽ രചന നിർവഹിക്കാൻ നിർബന്ധബുദ്ധി സംവിധാനങ്ങൾക്ക് കഴിയും. മനുഷ്യർ എഴുതുന്ന ആധികാരികമായ ഉള്ളടക്കങ്ങൾക്ക് സദൃശ്യമായവ നിർമ്മിത ബുദ്ധി ഉപയോഗിച്ച് സൃഷ്ടിക്കാവുന്ന സാഹചര്യത്തിൽ നമ്മുടെ മുമ്പിലുള്ള ഒരു വസ്തുത സത്യമോ മിഥ്യയോ എന്ന് തീർച്ചപ്പെടുത്താൻ പ്രയാസമാണ്.
യഥാതഥവും വശ്യവുമായി പ്രഭാഷണങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള എഐ സാങ്കേതിക വിദ്യയുടെ രാഷ്ട്രീയ രംഗത്തെ പ്രവേശനം ഉണ്ടാക്കാന് പോകുന്ന വെല്ലുവിളികൾ പ്രവചനാതീതമാണ്. ആശയവിനിമയശേഷി വർദ്ധിപ്പിക്കാനും അത് അധികമധികം പേരിലേക്ക് എത്തിക്കാനും കഴിയുന്നതുകൊണ്ട് സത്യവും മിഥ്യയും

വേർതിരിക്കുന്നതിൽ അതു വലിയ പ്രതിസന്ധി സൃഷ്ടിക്കും. വർധിച്ചുവരുന്ന സങ്കീർണമായ വിവരപ്രളയത്തിൽ ശരിയായ വഴി കണ്ടെത്തുന്നതിന് വോട്ടർമാർക്ക് വിമർശനാത്മക ബുദ്ധിയും മാധ്യമ സാക്ഷരതയും കൂടിയേ കഴിയൂ.

## ധാർമ്മിക പരിഗണനകളും നിർമ്മിതബുദ്ധി ഉപയോഗത്തിലെ ഉത്തരവാദിത്തവും

വിവരവിതരണത്തിലെ നിർമ്മിതബുദ്ധിയുടെ ഉപയോഗം ഇച്ഛാസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഉൽക്കണ്ഠ ഉയർത്തുന്നു. ആളുകളുടെ രുചിക്കും പക്ഷപാതങ്ങൾക്കും ഇണങ്ങുന്ന വിധത്തിൽ നിർമ്മിതബുദ്ധിയാൽ ഉൽപാദിപ്പിക്കപ്പെടുന്ന വിവരങ്ങൾ യാഥാസ്ഥിതിക അഭിപ്രായങ്ങളെ ശക്തിപ്പെടുത്തുന്ന ഇടുങ്ങിയ സാമൂഹിക ഇടങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യത ഏറെയാണ്. അത് ജനാധിപത്യസംവാദത്തിന് ഏറെ അത്യാവശ്യമായ വ്യത്യസ്ത ആശയങ്ങളുടെയും വീക്ഷണങ്ങളുടെയും സ്വതന്ത്രമായ വിനിമയത്തിന് വിഘാതമാകുകയും ചെയ്യാം. നിർമ്മിതബുദ്ധി ഉയർത്തുന്ന ധാർമ്മിക പ്രതിസന്ധികൾ പലപ്പോഴും അതിൻറെ രാഷ്ട്രീയ രംഗത്തെ സാധ്യതകളെ മറച്ചുകളയുന്നു. ദുരുപയോഗിക്കപ്പെടാനും തെററിദ്ധാരിപ്പിക്കുന്ന സന്ദേശങ്ങൾ വഴി വോട്ടർമാരെ സ്വാധീനിക്കാനുള്ള നിർമ്മിതബുദ്ധിയുടെ കഴിവു വഴി, ദുസ്വാധീനം ചെലുത്തപ്പെടാനുമുള്ള സാധ്യത ആശങ്ക ഉണർത്തുന്നു. പ്രഭാഷണങ്ങളുടെയും പെരുമാറ്റങ്ങളുടെയും തികച്ചും യഥാതഥമെന്ന് തോന്നുന്ന അനുകരണങ്ങൾ സൃഷ്ടിക്കാനുള്ള ഡീപ്പ്ഫേക്ക് സാങ്കേതിക വിദ്യയുടെ കഴിവ് രാഷ്ട്രീയസംവാദങ്ങളുടെ ആധികാരികതയ്ക്കും ആർജ്ജവത്തിനും മേൽ കരിനിഴൽ വീഴ്ത്തുന്നു. രാഷ്ട്രീയ പ്രചരണങ്ങളിലെ നിർമ്മിതബുദ്ധിയുടെ ഉപയോഗം നിലവിലുള്ള

സാമൂഹിക അസമത്വങ്ങളെയും വിഭജനങ്ങളെയും കൂടുതൽ ആഴത്തിലാക്കിയെന്നും വരാം. അത് വോട്ടർമാരിലും അനാശാസ്യമായ വേർതിരിവുകൾക്കിടയാക്കും. രാഷ്ട്രീയമേഖലയിൽ നിർമ്മിതബുദ്ധി ഉയർത്തുന്ന ധാർമ്മിക വെല്ലുവിളികൾ ശ്രദ്ധാപൂർവ്വമായ പരിഗണനയും കാലേക്കൂട്ടിയുള്ള കർമ്മപദ്ധതിയും ആവശ്യപ്പെടുന്നു. നിർമ്മിതബുദ്ധിയുടെ ഉപയോഗത്തിൽ സുതാര്യതയും ഉത്തരവാദിത്തവും നൈതികതയും ഉറപ്പുവരുത്തണം. ശ്രദ്ധാപൂർവ്വം വേണ്ടത്ര മുന്നൊരുക്കങ്ങളോടെ മാത്രമേ നിർമ്മിതബുദ്ധിയെ രാഷ്ട്രീയരംഗത്ത് ഇടപെടുവിക്കാനാവൂ. യൂറോപ്യൻ യൂണിയൻ ഈ വെല്ലുവിളിയെ നിയമനിർമ്മാണത്തിലൂടെ അഭിസംബോധന ചെയ്തിരിക്കുന്നു. യൂറോപ്യൻ യൂണിയൻ്റെ 2018 ലെ നിർമ്മിതബുദ്ധി നിയമം (AI Act 2018) നിർമ്മിതബുദ്ധി വികസിപ്പിക്കുന്നതിലും വിന്യസിക്കുന്നതിലും നൈയാമിക ചട്ടക്കൂട് തയ്യാറാക്കിയിരിക്കുന്നു. നിർമ്മിതബുദ്ധി സംവിധാനത്തിൽ സുതാര്യത വേണമെന്നും നിർമ്മിതബുദ്ധിയുടെ സാന്നിധ്യവും ഇടപെടലുകളും ബന്ധപ്പെട്ട വ്യക്തികളെ അറിയിച്ചിരിക്കണമെന്നും നിയമം നിഷ്കർഷിക്കുന്നു. AI യുടെ ഉത്തരവാദിത്വപൂർണമായ നിർമ്മാണവും ഉപയോഗവും ഉറപ്പുവരുത്തുന്നതിനാവശ്യമായ ചട്ടക്കൂടുകളാണ് ഈ നിയമം പ്രദാനം ചെയ്യുന്നത്. രാഷ്ട്രീയരംഗത്ത് AI ഉപയോഗിക്കപ്പെടുന്ന് സാഹചര്യത്തിൽ പ്രചരണങ്ങളിലും നയരൂപീകരണങ്ങളിലും കൃത്രിമത്വവും പക്ഷപാതവും ഇല്ലായെന്ന് ഉറപ്പുവരുത്തുന്ന കർശനപരിശോധനകൾ (Scrutiny)ആവശ്യമാണെന്ന് നിയമം അനുശാസിക്കുന്നു. 2018 ലെ നിയമത്തിൻ്റെ അടിത്തറയിൽ രൂപപ്പെടുത്തിയ 2023ലെ നിർമ്മിതബുദ്ധി ഭേദഗതി നിയമം (AI Act 2023) നിർമ്മിത സാങ്കേതികവിദ്യയുടെ

മാറിയ ഭൂമികയ്ക്ക് അനുയോജ്യമാം വിധം പരിഷ്ക്കരണങ്ങളും പൊളിച്ചെഴുത്തുകളും ഉൾക്കൊള്ളിക്കുന്നു. നിർമ്മിതബുദ്ധിയുടെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ദ്രോഹങ്ങൾ കഴിവതും ഒഴിവാക്കാനും ഉദ്ദേശിച്ചുള്ള സന്തുലിത സമീപനമാണ് നിയമത്രൂപീകരണത്തിൽ സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയത്തിലെ സമാനമായ ധാർമ്മികപ്രശ്നം കൈകാര്യം ചെയ്യുന്ന മറ്റ് അധികാരകേന്ദ്രങ്ങൾക്ക് ഈ നിയമം മാതൃകയാകുകയും യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾക്ക് വഴികാട്ടിയായി വർത്തിക്കുകയും ചെയ്യുന്നു. നിയമം നിർമ്മിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്ത യൂറോപ്യൻ യൂണിയൻറെ സമീപനം രാഷ്ട്രീയരംഗത്ത് നിർമ്മിതബുദ്ധിയുടെ ഉത്തരവാദിത്തപൂർണമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നു.

## നിർമ്മിതബുദ്ധിയുടെ കാലത്ത് ജനാധിപത്യത്തിൻറെ ഭാവിയെക്കുറിച്ച് താത്വികമായ ഒരന്വേഷണം

നിർമ്മിതബുദ്ധിയുടെ വർധിച്ചുവരുന്ന സ്വാധീനം, മാനവിക ഭാഗധേയത്തിൽ ആ സാങ്കേതികവിദ്യയുടെ പങ്കിനെക്കുറിച്ച്, പ്രത്യേകിച്ച് ജനാധിപത്യ പ്രക്രിയയിൽ അതിൻറെ പ്രത്യാഘാതങ്ങളെക്കുറിച്ച്, ആഴത്തിലുള്ള സൈദ്ധാന്തികവിശകലനത്തെ അനിവാര്യമാക്കിയിരിക്കുന്നു. മനുഷ്യസമൂഹം പങ്കുവയ്ക്കുന്ന മാനവികതയിൽനിന്ന് നമ്മെ അകറ്റുന്ന, സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള നമ്മുടെ കഴിവിനെ ഇല്ലാതാക്കുന്ന സാങ്കേതികവിദ്യയുടെ അപകടഭീഷണിയെക്കുറിച്ച് ജർമ്മൻ രാഷ്ട്രീയ

സൈദ്ധാന്തികയും
തത്വചിന്തകയുമായ ഹന്നാ
ആരെൻറ് മുന്നറിയിപ്പ് നൽകി
നമ്മുടെ മനുഷ്യൻറെ
പുരോഗതിക്കുള്ള ഉപകരണമെന്ന
നിലയിൽ മുന്നോട്ടുള്ള കാലത്ത്
നിർമ്മിതബുദ്ധിയുടെ
സാധ്യതകളെ
നമുക്ക്
ഉപയോഗപ്പെടുത്തേണ്ടതുണ്ട്.
ധാർമ്മികതയെ
ക്ഷയിപ്പിക്കാതെയും
ജനാധിപത്യത്തിൻറെ
അന്തസ്സത്തെയ ഹനിക്കാതെയും
വേണം അതു സാധ്യമാക്കാൻ.

നമ്മുടെ ചരിത്രത്തിലെ
നിർണായക
സന്ധികളിലൊന്നാണ് 2024ലെ
തിരഞ്ഞെടുപ്പുകൾ
നിർമ്മിതബുദ്ധിയുടെ
സാധ്യതകളെയും
വെല്ലുവിളികളെയും
അഭിസംബോധന ചെയ്യുമ്പോൾ
ജനാധിപത്യത്തിൻറെ
ആണിക്കല്ലുകളായ സുതാര്യത,
ഉത്തരവാദിത്വം വ്യക്തിയുടെ
അന്തസിനോടുള്ള ബഹുമാനം
എന്നീ മൂല്യങ്ങളെ നാം മുറുകെ
പിടിക്കേണ്ടിയിരിക്കുന്നു.
സംവാദങ്ങളിൽ സജീവമായി
പങ്കെടുത്തും വിമർശനബുദ്ധി
വളർത്തിയും പക്വമായ ധാർമ്മിക
ചട്ടക്കൂട് രൂപപ്പെടുത്തിയും
നിർമ്മിതബുദ്ധി നല്ലതിനുവേണ്ടി
മാത്രം
ഉപയോഗപ്പെടുത്തുന്നുവെന്നും
അത് നമ്മുടെ ജനാധിപത്യത്തിന്
കൂടുതൽ ഇഴയടുപ്പം
നൽകുന്നുവെന്നും നമുക്ക്
ഉറപ്പാക്കാം. സോഷ്യൽ
കോൺട്രാക്ട് സിദ്ധാന്ത(Theory
of Social Contract)ത്തിന് രൂപം
നൽകിയ റൂസോ മുതൽ
നൈതികസിദ്ധാന്ത (Theory of
Justice) ത്തിനു രൂപം നൽകിയ
ജോൺ റൗൾ വരെ ഏറെ പണ്ഡിതർ
അധികാരം, ജനപ്രാതിനിധ്യം,
സമൂഹത്തിൽ സാങ്കേതികവിദ്യയുടെ
ഉപയോഗം തുടങ്ങിയ
ആശയങ്ങളെക്കുറിച്ച് വ്യാപകമായ
അന്വേഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.
പുതിയ കാലത്തിൻറെ സാങ്കേതിക

ഭൂമികയിൽ വഴിതെറ്റാതിരിക്കാനും

അടിസ്ഥാനമൂല്യങ്ങൾ

സംരക്ഷിച്ചുകൊണ്ട് പൊതുനന്മയ്ക്ക്

ഉപകരിക്കപ്പെടുന്ന വിധത്തിൽ

നിർമ്മിതബുദ്ധിയെ

ഉപയോഗപ്പെടുത്തുന്ന ഭാവിയിലേക്ക്

മുന്നേറാനും ഈ പഠനങ്ങൾ നമുക്ക്

മാർഗദർശകമാകും. നാം

ഇന്നെടുക്കുന്ന തീരുമാനം നമ്മുടെ

സമൂഹത്തിൻറെ ഭാവിയിലും

വരാനിരിക്കുന്ന തലമുറകൾക്കായി

നാം കാത്തുവയ്ക്കുന്ന ലോകത്തിലും

വലിയ ആഴത്തിലുള്ള

പ്രതിഫലനമുണ്ടാക്കുമെന്ന്

മറക്കാതിരിക്കുക.

# എന്റെ അമ്മ

അമ്മയുടെ താരാട്ടുകേട്ടുറങ്ങും
ഞാനിന്നമ്മയുടെ
താരാട്ടു കേൾക്കുന്നില്ല....

ഒരു വാക്കുമിണ്ടാതെ എന്നെ
തനിച്ചാക്കി
എങ്ങുപോയെങ്ങുപോയെന്റമ്മ
എൻ സ്നേഹം അമ്മ അറിഞ്ഞിതില്ലേ
എന്നിട്ടുമെന്തേ എന്നെ വിട്ടകന്നു....

അമ്മയുടെ ഓർമ്മകൾ എന്റെയുള്ളിൽ
കടൽതിരപോലെ ഉയർന്നിടുന്നു
സ്വപ്നത്തിൽ സ്വർഗ്ഗഗൃഹത്തിൽ ഞാനും
അമ്മയെ നിത്യവും കണ്ടിടുന്നു.....

അമ്മ പണിതതും എന്റെ വീട്ടിൽ
എന്നിനി എന്നിനി അമ്മയെത്തും
കണ്ണീരുമായി ഞാൻ കാത്തിരിക്കും
അമ്മ വരുവോളം കാത്തിരിക്കും ......

കാത്തിരിപ്പിന് വിടനൽകീടുവാൻ
എൻ മരണദിനത്തിനെ കഴിവതുള്ളൂ.....

ആർച്ചാലക്ഷ്മി.ടി.എം
IX . I



# എന്റെ ഗ്രാമം

പച്ചപ്പട്ട് വിരിച്ചതുപോലെ പരന്നു കിടക്കുന്ന പാടങ്ങൾ. മാനം മുട്ടെ ഉയർന്നു നിൽക്കുന്ന വൻ മരങ്ങൾ.കളകളാരവം മുഴക്കി ഒഴുകുന്ന ചെറു തോടുകൾ. പൂക്കളും കായ്കളും നിറഞ്ഞ തൊടികൾ. തേൻ നുകരാൻ പാറിയെത്തുന്ന കിളികളുടെ കളകളാരവം. കാറ്റിലാടുന്ന തെങ്ങോലകൾ തെങ്ങോലകളിൽ ആടുന്ന തൂക്കണാ കുരുവി കൂടുകൾ. ഓല തുമ്പത്താടുന്ന ഓലേഞ്ഞാലി. കരിയിലകൾ കാറ്റിൽ പറക്കുന്നതുപോലെ ചിലച്ചുകൊണ്ട് പാറി കളിക്കുന്ന കരിയിലക്കിളികൾ. കാറ്റിന്റെ മർമ്മര ശബ്ദം. ഇങ്ങനെ എന്റെ ഗ്രാമം പ്രകൃതിയുടെ തൊടുകുറി പോലെ കണ്ണിന് ആനന്ദം പകർന്നു ശോഭിക്കുന്നു.

IX E
Levin Aji





## അവസാനത്തെ ശ്വാസം

-------------------------------------

ജിവിച്ചുകൊണ്ട് ഞാൻ
എഴുതുകയാണ്
ജീവിക്കാൻ
കഴിയാത്തവരുടെ
വാക്കുകൾ
വരച്ചിടുകയാണ്
ഞാൻ എന്നാ രണ്ടക്ഷരം
പേനയിൽ മഷി തീരും
വരെ
വിളക്കിലെ വെളിച്ചം
അണയും വരെ
എന്റെ ശ്വാസം നിലക്കും
വരെ
ഞാൻ എഴുതും
ഞാൻ പോരാടും
എന്ന്...... ....
അവസാനത്തെ,
തുള്ളി മഷി

## CURRENT AFFAIRS

Q1. What is the target number of households for rooftop solar installation under the 'Pradhan Mantri Suryodaya Yojana'?
ans: 1 crore

Q2. What multinational effort aims to safeguard shipping in the Red Sea?
ans: Operation Prosperity Guardian

Q3. Which country has recently been certified as malaria-free by the World Health Organization (WHO)?
ans: Cabo Verde

Q4. With whose approval is the draft budget reviewed before presentation inParliament?
ans: Cabinet

Q5. How many countries and territories have been awarded the 'malaria-free' certification by WHO globally?
ans: 43

Q6. Who recently invested USD 58.4 million in India's largest Renewable Energy Infrastructure Investment Trust (InvIT), Sustainable Energy Infra Trust (SEIT)?
ans: World Bank

Q7. Who recently became the first Indian bank to execute an export finance transaction on RXIL's ITFS platform?

ans: HDFC Bank

*Q8. What is the name of the Artificial Intelligence-based app launched by the central government for providing study materials in regional languages?*

*ans: SmartStudy*

*Q9. What is an example of a Capital Receipt in the Capital Budget?*

*ans: Disinvestments*

*Q10. What type of expenditure is characteristic of Revenue Budget?*

*ans: Day-to-day operational expenses*

*Q11. What makes Kutch an ideal region for date cultivation?*

*ans: Adaptability to extreme weather and high saline tolerance*

*Q12. Where is the 11th edition of the India-Kyrgyzstan Joint Special Forces Exercise KHANJAR taking place?*

*ans: Himachal Pradesh*

*Q13. What is the name of the spacecraft that successfully soft-landed on the Moon,*

*making Japan the fifth country to achieve this feat?*

*ans: SLIM*

*Q14. Who won the India Open 2024 women's singles title in badminton?*

*ans:Tai Tzu Ying*

*Q15. Which country is the theme country for the 47th International Kolkata Book Fair?*

*ans:United Kingdom (UK)*

do you know ?

why sky looks blue ?

Sunlight reaches Earth's atmosphere and is scattered in all directions by all the gases and particles in the air. Blue light is scattered more than the other colors because it travels as shorter, smaller waves. This is why we see a blue sky most of the time.

# ദാഹജലം

ഒരു തുള്ളി ജലം കുടിയില്ലാനാളുകൾക്ക്
ഇനിയില്ല ദൂരമത്ര്യയങ്ങ്... മർത്യാ... നീ
ചെയ്ത്ത പാപക്കറയിനി കഴുകാനാവില്ല
ഇനിയൊരുനാളും മാർ പി ആ കരിതൻ
വിടവാങ്ങലിന്റെ ദിനമൊരു പക്ഷെ
നിലയ്ക്കുണ നാൾവരെ നീയറിയില്ല
പുഴയുടെ നാദമുയർന്ന നാടിതാ
വരൾച്ചതൻ മാറിലൊരു പാഴ് ഭൂമി
ഹരിതഭൂമിയെന്ന സ്വപ്നനാളുകൾ ഇന്ന്
കേവലം ആശ്രയ ജ്വാലയായി...
ജലശ്രേണികളോരോന്നോരോന്നായി
മാറിമറയുവാൻ ഇനിയില്ലകാലം
ഇനിയെന്നും നീ അലയുമൊരുതുള്ളി
ദാഹജലത്തിനായി....
നിൻ ക്രൂരതതൻ ഇരയായ ഭൂമിപോലും
കൈയ് വിട്ടും നിന്നെ ആനാളുകളിൽ
ഇനി വരുന്നൊരു തലമുറതൻ
കേട്ടുകേഴ്വി മാത്രം ശുദ്ധജലം ഹാ
അറിയില്ല ഒരുനാളവർ
യെങ്ങനെദാഹമകറ്റും?



Muhammed Ahad . M
IX E

# നാല് സുഹൃത്തുക്കൾ

മൂന്ന് സുഹൃത്തുക്കൾ കാട്ടിൽ താമസിച്ചിരുന്നു അവർ പരസ്പരം സഹായിക്കും
ഒരു ദിവസം ആ കാട്ടിൽ വേട്ടക്കാർ ആക്രമിച്ചു അപ്പോൾ അവർ ഒരു പുലിയെ കണ്ടു അവർ ആ പുലിയെ പിടികൂടി വലയിൽ ആകി കുറച്ച് നേരം കഴിഞ്ഞപ്പോൾ മൂന്ന് സുഹൃത്തും ആ വഴിയിൽ പോയി അപ്പോൾ അവർ ആ പുലിയെ സഹായിക്കാൻ തീരുമാനിച്ചു അവരിൽ ഒരുവനാണ് എലി എലി ചെന്ന് ആ വല മുറിച്ചു അവരുടെ നാലാമത്തെ സുഹൃത്തിനെ രക്ഷപ്പെടുത്തി അപ്പോൾ വീണ്ടും ആ വേട്ടക്കാർ വന്നു  അപ്പോൾ  അവർ ആ പുലിയെ രക്ഷപ്പെടുത്തി എന്ന് അറിയുന്ന വേട്ടക്കാരന്റെ വരവു കണ്ട അവർ ഓടി പുലി ഓടി പോയി കാക്ക പറന്നുപോയി എലി മാളത്തിൽ ഒളിച്ചു അവസാനം ഉണ്ടായിരുന്ന ആമയെ വേട്ടക്കാർ പിടിച്ചു അപ്പോൾ മൂന്ന് സുഹൃത്തുക്കളും ആമയെ രക്ഷപ്പെടുത്താൻ തീരുമാനിച്ചു ആ വേട്ടക്കാർ അവിടെ വേരെ പോയി എന്ന് നോക്കാൻ കാക്ക പോയി വേട്ടക്കാർ കുറച്ച് ദൂരമേ ആയിട്ടുള്ളൂ അങ്ങനെ അവർ  മൂന്ന് പേരും ചേർന്ന് ഒരു ഉപായം ഉണ്ടാക്കി അവർ മൂന്ന് പേർ ചേർന്ന് വേറെ ഒരു വഴിയിൽ വേട്ടക്കാർ പോയ വഴിയിൽ കൂടെ പോയി വേട്ടക്കാർ നോക്കിയപ്പോൾ ഒരു പുലി ചത്തു കിടക്കുന്നത് കണ്ടു രണ്ടു വേട്ടക്കാരനും ആമയെ പിടിച്ച സഞ്ചി തറയിൽ വെച്ചിട്ട് പുലിയുടെ അരികിൽ പോയി പുലി ആ സമയം അവിടുന്ന് ഓടി രക്ഷപ്പെട്ടു അവർ പുലിയെ പിടിക്കാൻ നോക്കി എങ്കിലും അവർക്ക് അത് സാധിച്ചില്ല അങ്ങനെ അവർ തിരിച്ച് സഞ്ചി വെച്ച് സ്ഥലത്ത് വന്നപ്പോൾ സഞ്ചി മുറിച്ച് ആമയുടെ കൂട്ടുകാർ ആമയെ രക്ഷപ്പെടുത്തി ആ സ്ഥലത്തുനിന്ന് ഓടി പോകുന്നു ഈ കഥ പറയുന്നത് ഒരുമിച്ച് നിന്നാൽ വിജയം നേടാം എന്നതിനെ കാണിക്കുന്നു

Nehemiah sabu

9E





# പൊൻപുലരി

പുലരിയിൽ പൊങ്കതിർ ത്തൂവിയെത്തും സൂര്യനുണരും നേരമപ്പോൾ പാരിൻ പുത്തനുണർവിൻ ചൈതന്യമെങ്ങ കാണായി വന്നു ഉഷ സിന്റെ നൈ ർമല്യം ഏറ്റു വാങ്ങൻ കൺതുറക്കും ചെറു കസുമങ്ങളും നറുമത്തു ഉണ്ണുവാൻ കൊതിയോടെ പാറും കരി വണ്ടികളും കാണായി കിളികൾതൻ കളകള പൂജനങ്ങൾ ഉഷസിനെ വരവേൽക്കും ഗീതമായി പുതുസൗരഭ്യം തൂവും കസറകങ്ങൾ ഉഷസ്സി നെ വരവേൽക്കും പുചെ ണ്ടുകളായ്യ്

Anas malik
9H

# വാത്സല്യ കിളി

––

പാട്ടുകൾ പാടി കളിച്ചു വളരാൻ ഒപ്പം വരുമോ സഖി.

തേനും വയമ്പും വാങ്ങി തരാം ഞാൻ

ഈണത്തിൽ പട്ടു പാടാൻ.

സ്വർണ്ണ ലിബികളാൽ നിൻ നാമം ഞാൻ തുന്നിവെയ്ക്കാം.

സ്നേഹത്താൽ ആദ്യാക്ഷരം ഈണത്തിൽ മൊഴിയൂ സഖി.

നിൻ മിഴികൾ രണ്ടിലും കാണുന്നു ഞാൻ ആ ആദ്യക്ഷരത്തെ.

പറയു സഖി പാടു സഖി ഈണത്തിൽ ആ വാക്കുകൾ.

പുതിയ ലിബികളിൽ തുന്നി ചേർക്കാൻ ഒരു പുത്തൻ പാട്ടുകുടി.

കിളിയാം സഖി പാട്ടുകാരി നിൻ ഈണത്തിൽ താളത്തിൽ പാട്ടുപാടു.



Ashly Biju

## കടൽ പോലെ എൻ ജീവിതം

അറിയാതെ പിടഞ്ഞൻ ബാല്യം
കണ്ണീർ കൊണ്ട് നിനക്ക്,
ഞാൻ തന്നത് വേദനയോ
ജീവിതം തരണമേ
ആനന്ദമേ വത്രു
അഴകടലിൽ ഒഴുകുന്ന ജീവിതം
സാക്ഷിയായി ഞാൻ മാത്രം.....
തീരാത്ത ജീവിതം
തീരാത്ത ദുഃഖങ്ങൾ
പറ്റിയ കടൽ പോലെ...
കണ്ണീർ മാത്രമായി
ഇനിയില്ല ജീവിതം.

Harshitha S S Nair
IX B

# മൂങ്ങയുടെയും കൊക്കരിന്റെയും കൂട്ട്

ഒരു കാട്ടിൽ ഒരു നദി യിൽ ഒരു കൊക്ക് ജീവിച്ചിരുന്നു. ഒരു ദിവസം ഒരു മൂങ്ങയും അവിടെ വന്നു മൂങ്ങക്ക് അവിടം ഇഷ്ട്ടമായി അങ്ങനെ മൂങ്ങയും കൊക്കും കൂട്ടുകാരായി. മാസങ്ങൾ കടന്നു പോയി ഒരു ദിവസം മൂങ്ങ പറഞ്ഞു എന്റെ കൂട്ടുകാരാ ഞാൻ കുറെ നാളായി എന്റെ വീട് വിട്ടിട്ട് ഞാൻ അങ്ങോട്ട് പോവ്വാണ് നിന്നെ ഞാൻ അങ്ങോട്ട് ക്ഷണിക്കുന്നു ആ മൂങ്ങ അങ്ങനെ പറന്നു വീട്ടിലെ എത്തി ആ കൊക്ക് മൂങ്ങയുടെ വീട്ടിലേക്ക് പോയി പകലാണ് പോയത് അതിനാൽ മൂങ്ങക്ക് കണ്ണുകാണില്ല ആ കൊക്ക് അവിടെ കാത്തിരിന്നു. കൊക്ക് ദൂര യാത്ര കഴിഞ്ഞു വന്നതിനാൽ അതിന് ക്ഷീണം തോന്നി ഉറങ്ങി പോയി. രാത്രിയായി. അപ്പോഴാണ് കുറച്ചു യാത്രക്കാർ വിശ്രമിക്കാനായി ആ മരത്തിന്റെ ചുവട്ടിൽ ഇരുന്നു അപ്പോൾ ആ മൂങ്ങ ശബ്ദം ഉണ്ടാക്കാൻ തുടങ്ങി അത് ആ യാത്രക്കാർക് ശല്യമായി അവർ അവരുടെ അമ്പും വില്ലും എടുത്ത് മൂങ്ങക്ക് നേരെ അമ്പു വിട്ടു ആ മൂങ്ങക്ക് രാത്രി കണ്ണുകാണാ മായിരുന്നു അതിനാൽ അത് പറന്നുപോയി അതുകൊണ്ട് ആ അമ്പ് ഉന്നംതെറ്റി ആ കൊക്കിന്റെ ദേഹത്തു കൊണ്ട് അത് മരിച്ചു

Aswini.A
9B





# മരങ്ങൾ

പ്രകൃതി തൻ വരധാനമാം മരങ്ങൾ
പച്ചപ്പ് നിറച്ച പ്രകൃതിയെ ഭംഗിയാക്കുന്നു

ദരിദ്രന്റെ വിശപ്പകറ്റുവാനും
ജീവജാലങ്ങളെ സംരക്ഷിക്കുവാനും നിലനിൽക്കുന്നു

മനുഷ്യചൂഷണങ്ങളാൽ വേദനിക്കുന്ന മരങ്ങൾ
വീണ്ടും വീണ്ടും മനുഷ്യനെ സന്തോഷിപ്പിക്കുന്നു

വേദനിക്കുമ്പോൾ തിരിച്ച നോവിക്കാനറിയാത്ത
സാധുവാം മരങ്ങൾ നമ്മെ രക്ഷിക്കുന്നു

വെയിലും കാറ്റും മഴയും അനുഭവിക്കുന്ന
അവയെ സംരക്ഷിക്കാൻ നമ്മൾ ഇല്ലെങ്കിലും

വെയിലിൽ നിന്നും മഴയിൽ നിന്നും തണൽ തന്ന്
മനുഷ്യനെ സംരക്ഷിക്കുവാൻ മരങ്ങൾ മനസ്സ് കാട്ടുന്നു

വെട്ടി നശിപ്പിക്കുമ്പോൾ മനുഷ്യ-
നോർക്കുന്നില്ലതൊരു ജീവനാണെന്ന്

എന്നാകിലും പ്രകൃതിതൻ വരധാനമാം മരങ്ങൾ നമ്മെ
സംരക്ഷിക്കുന്നു.

Malavika
9:E




# ഒരേ സ്വപ്നം

ഒരിക്കൽ അഞ്ച് കൂട്ടുകാർ ഉണ്ടായിരുന്നു. അവർക്ക് വ്യത്യസ്ത കാര്യങ്ങൾ ഇഷ്ടമായിരുന്നെങ്കിലും അവർ നല്ല സുഹൃത്തുക്കളായിരുന്നു.ഒരു ദിവസം അവർ സ്കൂൾ വിട്ട് വീട്ടിലേക്ക് പോകുകയായിരുന്നു. അവർ ഒരു വഴിയിലേക്ക് പ്രവേശിച്ചു.അവർ എപ്പോഴും ആ വഴിയിൽ കൂടിയായിരുന്നു വീട്ടിലേക്ക് പോയിരുന്നത്.ആ വഴി എല്ലായ്പ്പോഴും തിരക്കായിരുന്നു, എന്നാൽ ഇന്ന് തിരക്കില്ല.നേരം വൈകിയതിനാൽ അവർക്ക് പേടി തോന്നി. അവരിൽ ഒരാൾ ആദ്യമെ നടക്കാൻ തുടങ്ങി. ബാക്കിയുള്ളവർ കൂടെ നടക്കാൻ തുടങ്ങി. പേടി അകറ്റാൻ അവർ പരസ്പരം സംസാരിച്ചു. പെട്ടെന്ന് സ്ട്രീറ്റ് ലൈറ്റ് കത്തിയണയാണ് തുടങ്ങി.അപ്പോൾ അവരുടെ ഭയം കൂടി.അവർ വേഗത്തിൽ നടന്നു.അപ്പോൾ ഒരു ശബ്ദം കേട്ട് അവർ തിരിഞ്ഞു നോക്കി.കൂട്ടത്തിൽ ഒരാൾ എന്തോ അനങ്ങുന്നത് കണ്ടെങ്കിലും മറ്റുള്ളവർ ഒന്നും കണ്ടില്ല. ആ സമയത്ത് ഒരാളെ കാണാതായി.അവർ അവനെ കണ്ടെത്താൻ തുടങ്ങി, പക്ഷേ അ...

സംഗീതം

സംഗീതം എന്നത് നദിയാണ്.. അത് ഒഴുകി കൊണ്ടിരിക്കും...

ആ നദിയായ സംഗീതം കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ സന്തോഷം തുളുമ്പുന്നു.....

സംഗീതം ആസ്വദിക്കുമ്പോൾ നമ്മുടെ മനസ്സിലെ ദുഃഖങ്ങൾ അകന്നു പോകുന്നു.....

സംഗീതത്തെ സ്നേഹിക്കാം......

സംഗീതത്തെ ഇഷ്ടപ്പെടാം........

സംഗീതത്തെ ആസ്വദിക്കാം.......... സംഗീതത്തിൽ മുഴുകാം........

Aksa Monachan

9 I

# പ്രണയ മഴ

എന്നെ പ്രണയിച്ച മഴത്തുള്ളികൾ
കൊടും വേനലിൻ താപമകറ്റി
മഴയായി എന്നിൽ കുളിരുകോരി
മനസ്സിലെ കനലുകൾ കെടുത്തി

ഇളംകാറ്റിനോടൊപ്പം മൂളി മൂളി
ചാറ്റലായി മന്ദം എന്നിൽ പതിച്ച
അവളുടെ ഇരമ്പുന്ന സംഗീതം
ഇന്നെന്റെ ചെവിയിൽ മന്ത്രിക്കും

ഇന്നെനിക്കു നിന്റെ ഗന്ധം മാത്രം
പുതുമഴയുടെ ഗന്ധമാണിപ്പോൾ
ഉറങ്ങുമ്പോൾ എനിക്ക് കൂട്ടായി
രാത്രി മഴയുടെ നേർത്ത സംഗീതം

നിറയേണമിനി ഈ രാഗം എന്നിൽ
മൂളി പാട്ടു പാടി ഉറക്കേണമിനിയെന്നും
മഴത്തുള്ളികളായി നീ പതിച്ചിടേണം
എന്റെ കിനാവുകളിലെ രാജകുമാരിയായി

Josh Sunil
IX. B

# എന്റെ മനോഹര ഗ്രാമം

എന്റെ ഗ്രാമം സ്ഥിതിചെയ്യുന്നത് കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലാണ്, തലവൂർ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞിക്കടവ് ആറാം വാർഡിലാണ് എന്റെ ഗ്രാമം സ്ഥിതി ചെയ്യുന്നത്. പാടങ്ങളും കുളങ്ങളും തോടുകളും നിറഞ്ഞപ്രകൃതി രാമണീയമാണ് എന്റെ ഗ്രാമം . എന്റെ ഗ്രാമത്തിൽ ആണ് പഴഞ്ഞിക്കടവ് പാലം സ്ഥിതി ചെയ്യുന്നത്, ഈ പാലത്തിന്റെ അടിഭാഗത്തുകൂടിതോടുഒഴുകി കല്ലട ആറ്റിലേക്കു ചേരുന്നു. ഈ ഗ്രാമത്തിന്റെ സവിശേഷതകൾ  പച്ചപ്പ് നിറഞ്ഞ പാടങ്ങളും അതിരാവിലെ പാടങ്ങളിൽ നിന്ന് ഉയർന്നു വരുന്ന കള  കിളി ശബ്ദങ്ങളും എന്നെ വല്ലാതെ ആകർഷിക്കുന്നു. ക്ഷേത്രങ്ങളും വിവിധ പള്ളികളും  എന്റെ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു.   എന്റെ പ്രദേശത്തെ പൂരമാണ് തലവൂർ പൂരം,അവിടെ എല്ലാ വർഷവും ക്ഷേത്രത്തിൽ നടക്കുന്ന ഉത്സവമാണ് തലവൂർ പൂരം. ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് നടക്കുന്നത്. അവിടെ കെട്ടുകാഴ്ചയും എഴുന്നള്ളത്തുമാണ് നടക്കുന്നത്.  വിവിധ ശാഖകൾ  ആണ് പൂരത്തിന് നേതൃത്വം നൽകുന്നത്.നാനാജാതി മതസ്ഥർ പങ്കെടുക്കുന്നു .അതിനോടൊപ്പം തന്നെ  വിഷു, ഓണം, ക്രിസ്മസ് എന്നീ ആഘോഷങ്ങൾ ഇവിടുത്തെ ജനങ്ങൾ സംയോചിതമായി ആഘോഷിക്കപ്പെടുന്നു. ഇവിടെ ഉള്ള ജനങ്ങൾ വിവിധ ജോലികൾ ചെയ്യുന്നു. പരസ്പര സ്നേഹവും പരസ്പരസഹകരണത്തോടെയും ഞങ്ങൾ കഴിയുന്നു. എന്റെ ഗ്രാമം എന്റെ മനസ്സിൽ എപ്പോഴും ഒരു കുളിർമ ആണ്. ഞങ്ങൾ ഈ ഗ്രാമത്തെ പ്രകൃതി രാമണീയം ആയി തന്നെ സംരക്ഷിക്കും.

Anto aji 9-B

# നന്ദി

*2023-24* വർഷത്തിൽ E-മഷി എന്ന പേരിൽ സെന്റ് മേരിസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഡിജിറ്റൽ മാഗസീൻ പ്രസിദ്ധീകരിക്കുമ്പോൾ ഇതിനുവേണ്ടി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്ത കൈറ്റ് മാസ്റ്റേഴ്സിനും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും മനോഹരമായ രചനകളിലൂടെ ഈ മാഗസിൻ പൂർത്തിയാക്കാൻ സഹായിച്ച ഓരോ കൈറ്റ്സിനും ഹൃദയം നിറഞ്ഞ നന്ദി.

